## (42.) കുറിച്ചിമുട്ടം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

സാംസ്കാരിക പൈതൃക ഗ്രാമമായ ആറന്മുളയുടെ സമീപപ്രദേശമായ കുറിച്ചിമുട്ടത്ത് തലയെടുപ്പോടുകൂടി നിൽക്കുന്ന സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയുടെ ചരിത്രം ആരംഭിക്കുന്നത് 1936-ൽ സെന്റ് ഫിലോമിന കാലിക് ചാപ്പൽ എന്ന പേരിൽ മാലക്കരയിൽ ആയിരുന്നു. ചാപ്പലിന്റെ ആദ്യഇടയനായി റവ. ഫാ. തോമസ് ഇഞ്ചക്കലോടി നിയമിതനായി.

എട്ട് കുടുംബങ്ങളോടുകൂടി ആരംഭിച്ച ചാപ്പലിന്റെ ആദ്യ കുടുംബങ്ങൾ (വർഗീസ് ചരിവുപറമ്പിൽ, ജോൺ തേവരേത്ത്, എം.ജി ചാണ്ടി നിരന്നകാലയിൽ, ഗീവർഗീസ് വള്ളിക്കാലായിൽ, മത്തായി അയിരുക്കുഴിയിൽ, ഗീവർഗീസ് കോയിപ്പറമ്പത്ത്, ചെറിയാൻ കോയിപ്പറമ്പത്ത്, ചാക്കോ മത്തായി കൈപ്പള്ളിമലയിൽ) എന്നിവരായിരുന്നു. നിര്യാതനായ മലയിൽ അയിരൂക്കുഴിയിൽ കുര്യൻ മത്തായി ആയിരുന്നു ആദ്യകാല ശുശ്രൂഷകൻ. ചാപ്പലിൽ വേദപാഠക്ലാസുകളും ആദ്ധ്യാത്മിക സംഘടനകളും വളർന്നുവന്നു. വേദപഠനത്തിന്റെ പ്രഥമ അദ്ധ്യാപകനായി ശ്രീ. എം.ജോൺ തേവരേത്ത് സേവനം അനുഷ്ഠിച്ചു. പ്രഥമ അദ്ധ്യാപകന്റെയും സഹ അദ്ധ്യാപകരുടെയും നിസ്വാർത്ഥ സേവനം സ്മരിക്കുന്നു.

ചാപ്പലിന്റെ വലിയ വെല്ലുവിളി ആയിരുന്നു സെമിത്തേരി. മാർ ഈവാനിയോസ് പിതാവിന്റെ മാലക്കര ചാപ്പലിലേക്കുള്ള യാത്രയിൽ അദ്ദേഹം ക്ഷീണിതനാവുകയും ഇപ്പോൾ സ്ഥിതി ചെയ്യുന്ന പള്ളിയുടെ മുൻപിലുള്ള പാറയിൽ വിശ്രമിക്കുകയും ചെയ്തു. ഈ സ്ഥലം പിതാവിന് ഇഷ്ടമാവുകയും സ്ഥലം വാങ്ങുകയും ചെയ്തു. അങ്ങനെ സെമിത്തേരി പ്രശനത്തിന് പരിഹാരമായി.

ചാപ്പലിന്റെ സ്ഥലപരിമിതിയും വിശ്വാസികൾക്ക് എത്തിചേരാനുള്ള അസൗകര്യം മൂലവും ചാപ്പൽ വിൽക്കുകയും. കുറിച്ചിമുട്ടം അന്തിചന്തയോടു ചേർന്നുള്ള സ്കൂൾ വാങ്ങുകയും ചെയ്തു. പല ആവശ്യങ്ങൾക്കായി പിതാവ് വരുമ്പോൾ ഈ സ്കൂളിലാണ് വിശ്രമിച്ചിരുന്നത്. ആ അവസരങ്ങളിൽ ധാരാളം ആളുകൾ പിതാവിൽ നിന്ന് അനുഗ്രഹവും ആശീർവാദവും സ്വീകരിക്കാൻ എത്തിയിരുന്നു. പിതാവിന്റെ തുടർച്ചയായ ആഗമനങ്ങളിൽ ഒരു ദേവാലയിന്റെ രൂപം മനസ്സിൽ വരികയും അനന്തരഫലമായി പിതാവിന്റെ അഭിലാഷമായ ദേവാലയത്തിന് ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കല്ലിടുകയും ചെയ്തു. ഈ അവസരത്തിൽ ഫാ. അപ്രേം ഒ.ഐ.സി ആയിരുന്നു വികാരി. തുടർന്നു വന്ന വികാരി റവ. ഫാ.ജോർജ്ജ് പാലുംപാട്ട് ആണ് 1961 ൽ ദേവാലയിന്റെ പണികൾ പൂർത്തിയാക്കിയത്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്ന സാക്ഷാത്കാരമായ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം കൂദാശ ചെയ്തത് ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് ആയിരുന്നു.

കാലങ്ങൾക്ക് ശേഷം ഫാ. തോമസ് തെക്കേടത്ത് ഒരു സണ്ടേസ്കൂൾ കെട്ടിടം പണിയുന്നതിനായി കല്ലിട്ടു. തുടർന്ന് വന്ന ഫാ. ഡാനിയേൽ വടക്കേക്കര ഇടവകാഗാങ്ങളുടെയും അരമനയുടെയും സഹായത്താൽ കെട്ടിടം പണി പൂർത്തിയാക്കി. 1 മുതൽ 4 ക്ലാസുവരെയുള്ള പള്ളിക്കൂടമായി കെട്ടിടം ഉപയോഗിച്ചു. വർഷങ്ങൾക്ക് ശേഷം സാങ്കേതിക ബുദ്ധിമുട്ടുകളാൽ പള്ളിക്കൂടം നിർത്തുകയും ചെയ്തു.

നമ്മുടെ ഇടവകയുടെതായ മൂന്ന് മനോഹര കുരിശ്ശടികൾ നമ്മുടെ വിശ്വാസത്തെ ഉയർത്തിപിടിക്കുന്നതാണ്. കുറിച്ചിമുട്ടം, കോട്ട എന്നീ സ്ഥലങ്ങളിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലും, മാലക്കര കൊല്ലിരിക്കൽ ഭാഗത്ത് വി. യൂദാശ്ലീഹായുടെ നാമത്തിലും കുരിശ്ശടികൾ സ്ഥിതി ചെയ്യുന്നു. ദേശവാസികളായ ഇതര മതസ്ഥർ പോലും വന്ന് പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ നേടുന്ന കുരിശ്ശടികൾ എന്നും ഒരു ആശ്രയമാണ്. കോട്ട ഭാഗത്തുള്ള കുരിശ്ശടിക്ക് സ്ഥലം തന്നത് കല്ലുകാലായിൽ കെ.എസ്. അലക്സാണ്ടറും, മാലക്കരയിൽ മലയിൽ അയിരുക്കുഴിയിൽ ചാക്കോ സ്ഥലം തരുകയും രാജേഷ് ഭവനിൽ കെ.യോഹന്നാൻ കുരിശ്ശടി നിർമ്മിച്ചു തരുകയും ചെയ്തു. ഈ മൂന്നു കുടുംബത്തോടുള്ള ഇടവകയുടെ നന്ദി അറിയിക്കുന്നു.

ഇടവക ജനങ്ങളുടെ ചിരകാല സ്വപ്നമായിരുന്ന പള്ളിമേട 2007 - ൽ ഫാ. മാത്യു പുത്തൻപുരയ്ക്കലിന്റെ നേതൃത്വത്തിൽ സഫലമായി. തുടർന്ന് അനുദിനം വി.കുർബാന അനുഭവിക്കാനുള്ള ഭാഗ്യം വിശ്വാസികൾക്ക് ലഭ്യമായി.

ഇടവകയ്ക്കുവേണ്ടി മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് ദൈവസന്നിധിയിലായിരിക്കുന്ന പ്രഥമ വൈദിക വിദ്യാർത്ഥി ബ്ര.ജോബി വർഗീസിനെ സ്നേഹപൂർവ്വം അനുസ്മരിക്കുന്നു. ദൈവത്തിന്റെ പ്രത്യേകമായ വിളി സ്വീകരിച്ച് ഈ ഇടവകയിൽ നിന്ന് രണ്ട് വൈദികരും നാലു കന്യാസ്ത്രീകളും ദൈവവേല ചെയ്യുന്നു.

പുതിയ മദ്ബഹാ നിർമ്മിക്കണമെന്ന വിശ്വാസ സമുഹത്തിന്റെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കുന്നതിനു വേണ്ടി 2012 ൽ ഫാ. ജോസഫ് തുണ്ടിയുഴത്തിലിന്റെ ശ്രമഫലമായി മനോഹരമായ ഒരു മദ്ബഹാ നിർമ്മിച്ചു. 2012 ഏപ്രിൽ 12 ന് വിശ്വാസ സമൂഹിന്റെ സാന്നിദ്ധ്യത്തിൽ പത്നംതിട്ട ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായാൽ പുതിയ മദ്ബഹാ കൂദാശ ചെയ്യപ്പെട്ടു. തുടർന്ന് ഇടവക ജനങ്ങളുടെ പ്രതീക്ഷയും പ്രാർത്ഥനയുമായിരുന്ന ബഹു. ഡീക്കൻ അലക്സാണ്ടർ കല്ലുകാലായിലിന്റെ പൗരോഹിത്യ സ്വീകരണവും പ്രഥമ ദിവ്യലിഅർപ്പണവും നടന്നു.

ദേവാലയത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നതിനുവേണ്ടി മോണ്ടളം പുനർ നിർമ്മിക്കുന്നതിനു വികാരി തോമസ് ചിറയത് അച്ചൻ ശ്രമിക്കുകയും ഇടവക ജനങ്ങളുടെ പരിശ്രമത്തോടുകൂടി സാദ്ധ്യമാക്കുകയും ചെയ്തു.

പത്തനംതിട്ട ഭദ്രാസനത്തിന്റെ പന്തളം വൈദിക ജില്ലയിലെ ഈ ഇടവകയിൽ 77 കുടുംബങ്ങളിലായി 325 ഓളം വിശ്വാസികൾ സജീവമായി നിലകൊള്ളുന്നു. സണ്ടേസ്കൂൾ, എം.സി.വൈ.എം., എം.സി.എ. വിൻസെന്റ് ഡി പോൾ, പിതൃവേദി, മാതൃവേദി, എം.സി.സി.എൽ. എന്നീ സംഘടനകൾ പ്രവർത്തിച്ചു വരുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്ന സാക്ഷാത്കാരമായ ഈ ദേവാലയിന്റെ പുരോഗമനത്തിൽ നിസ്വാർത്ഥ സേവനമനുഷ്ഠിച്ച വൈദികരുണ്ട്, തങ്ങളുടെ ആവശ്യം എന്ന് മനസ്സിലാക്കി പ്രവർത്തിച്ച ഇടവക ജനങ്ങളുണ്ട്. ഈ ദേവാലയത്തിന്റെ ആത്മീയ നന്മയ്ക്ക് പ്രാർത്ഥനയുടെയും പ്രയത്നിന്റെയും, കണ്ണുനീരിന്റെ നനവും, വിയർപ്പിന്റെ ഗന്ധവും, ത്യാഗിന്റെ വേദനകളുണ്ട്. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാൾ ദിനത്തിലാണ് ഇടവകയുടെ തിരുനാൾ കൊണ്ടാടുന്നത്. പരിശുദ്ധ ദൈവമാതാവിന്റെ, മദ്ധ്യസ്ഥതയിൽ സ്ഥാപിതമായ ഈ ദൈവാലയം ഇടവകയ്ക്കും ഈ ദേശത്തിനും, ദേശവാസികൾക്കും നന്മയ്ക്കും അനുഗ്രഹത്തിനും, സാഹോദര്യത്തിനും ആത്മീയ നിറവ് പകർന്നുകൊണ്ട് നിലകൊള്ളുന്നു.